കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള വിശദാംശങ്ങൾ സമർപ്പിക്കുന്നതിലെ കാലതാമസം

136 (4127) ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. എസ്. ശർമ്മ :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതത് വർഷത്തെ പദ്ധതി ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിന് സാധിക്കാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കാത്തത് കാരണം കേന്ദ്രവിഹിതം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) കേന്ദ്രത്തിൽ നിന്നും അർഹമായ വിഹിതം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പോലും സർക്കാർ ജാഗ്രത പാലിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാധിക്കാറുണ്ട്.

(ബി&സി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ്. പദ്ധതികൾ നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്രസഹായം സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രവിഹിതം യഥാസമയം നേടിയെടുക്കുന്നതിന് എല്ലാ വർഷവും ആഗസ്റ്റ് മാസം 31-ാം തീയതിക്ക് മുൻപായി ഒത്തുനോക്കിയ 'സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡീച്ചർ' (SoE) അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസംതോറും പദ്ധതി അവലോകനയോഗങ്ങൾ കൂടുകയും പദ്ധതി ചെലവുകൾ ത്വരിതപ്പെടുത്തുന്നതിനും അർഹമായ കേന്ദ്രവിഹിതം യഥാസമയം നേടിയെടുക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് തലവൻമാർക്ക് നല്കുകയും ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly